# 33. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാൻ

'ഖരീഫ്' എന്ന പേരിലറിയപ്പെടുന്ന കന്നിവിളയും 'റാബി' എന്ന പേരിൽ അറിയപ്പെടുന്ന മകരവിളയുമാണ് ഇന്ത്യയിലെ കാർഷിക സമ്പദ്‌വ്യവസ്ഥയെ താങ്ങിനിർത്തുന്നത്. ഇവയിൽ ഖരീഫ് നിലകൊള്ളുന്നത് 'കാലവഷം' എന്നു നാം വിളിക്കുന്ന തെക്കുപടിഞ്ഞാറൻ മഴയെ ആശ്രയിച്ചാണ്. 'തുലാവർഷം' എന്നു നാം വിളിക്കുന്ന വടക്കുകിഴക്കൻ മഴയത്രേ റാബിയുടെ ആശ്രയം. ജലസേചനത്തിന് എത്രയെല്ലാം സൗകര്യങ്ങൾ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടെങ്കിലും ഈ മഴകൾ പിഴച്ചാൽ ഇപ്പോഴും ഇന്ത്യയിൽ കൃഷി പരാജയപ്പെടുകതന്നെ ചെയ്യും.

സാധാരണയായി ജൂൺ 1–ന് ദക്ഷിണ കേരളത്തിൽ പ്രത്യക്ഷപ്പെടേണ്ട കാലവർഷം ഈയാണ്ടിൽ മെയ് 26–നുതന്നെ അവിടെ അരങ്ങേറി. രണ്ടാഴ്ച കൊണ്ട് അതു കർണാടകം, വടക്കൻ തമിഴ്‌നാട്, ആന്ധ്രപ്രദേശം, ഒറീസ്സ, ബംഗാൾ, അസം, ബിഹാർ എന്നിവിടങ്ങളിലും ഗോവയിലും തെക്കൻ മഹാരാഷ്ട്രത്തിലും വ്യാപിച്ചു. ജൂൺ 13–ാം തീയതി ബോംബെയിൽ കാലവർഷം എത്തിച്ചേർന്നു. ജൂൺ അവസാനമാകുമ്പോഴേക്ക് കഠിനമായ വരൾച്ചയാൽ ക്ലേശിച്ചിരുന്ന ഗുജറാത്ത്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളടക്കം ഇന്ത്യയിലെ മിക്ക ഭാഗങ്ങളിലും കാലവഷത്തിന്റെ അനുഗ്രഹം ലഭ്യമായി. കാലവഷം വേണ്ടവിധത്തിൽ ലഭിച്ചതിൻ ഫലമായി 1988–ലെ ഖരീഫ്‌വിള ഏറെക്കുറെ മെച്ചപ്പെട്ടതായിരിക്കുമെന്നാണ പ്രതീക്ഷിക്കപ്പെടുന്നത്.

ഇന്ത്യയിലാകെ 14 കോടി 30 ലക്ഷം ഹെക്ടാർ പ്രദേശത്താണ് കൃഷി നടക്കുന്നതെന്ന് കാണുന്നു. 1987–88 ലെ വരൾച്ച 4 കോടി 50 ലക്ഷം ഹെക്ടാർ പ്രദേശത്തുള്ള കൃഷിയെ ബാധിക്കുകയുണ്ടായി. 1987–88–ൽ ഇന്ത്യയിലെ ആകെ ഭക്ഷ്യധാന്യോല്പാദനം 13 കോടി ടണ്ണിനും 13 കോടി 40 ലക്ഷം ടണ്ണിനും ഇടയ്ക്ക് ആയിരിക്കുമെന്നാണ് മുമ്പ് കണക്കാക്കിയിരുന്നത് (1986–87–ലെ ഉല്പാദനം 14 കോടി 40 ലക്ഷം ടൺ ആയിരുന്നു). കാലവർഷം അനുകൂലമായതിനാൽ ഈയാണ്ടിൽ 13 കോടി 80 ലക്ഷം ടൺ ഭക്ഷ്യധാന്യം കൊയ്തെടുക്കാമെന്നാണ് ഇപ്പോഴത്തെ മതിപ്പ്. പൊതുവെ ഉണ്ടായേക്കാമെന്നു കരുതിയിരുന്ന ഭക്ഷ്യദൗർലഭ്യവും വിലക്കയറ്റവും ചില പ്രദേശങ്ങളിൽ സംഭവിച്ചേക്കാമെന്നു ഭയപ്പെട്ടിരുന്ന ക്ഷാമവും ഈയാണ്ടിൽ ഒഴിവായിക്കിട്ടി എന്ന് ഇപ്പോൾ അധികൃതർ ആശ്വാസംകൊള്ളുന്നുണ്ട്.

ഇന്ത്യയിൽ ജലസേചനസൗകര്യങ്ങൾ ആണ്ടുതോറും വർദ്ധിച്ചുവരികയാണ്. രാസവളത്തിന്റെ ഉപയോഗത്തിലും ഗണ്യമായ വ്യാപ്തി ഉണ്ടായിക്കൊണ്ടിരിക്കുന്നു. ശാസ്ത്രീയങ്ങളായ കൃഷിസമ്പ്രദായങ്ങളും നടപ്പിലായിവരുന്നു. ഇതെല്ലാം ചേർന്നാണ് ഇവിടെ ഒരു 'ഹരിതവിപ്ലവം' ഉണ്ടാക്കിത്തീർത്തത്. മഴ പിഴയ്ക്കാതിരുന്നാൽ, ആണ്ടുതോറും 15 കോടി ടണ്ണോളം ഭക്ഷ്യധാന്യം ഇന്ത്യയിൽ ഇപ്പോൾ കൊയ്തെടുക്കാൻ കഴിയും. നമ്മുടെ ഇന്നത്തെ ആവശ്യത്തിന് ഇതു പര്യാപ്തമാണ്. എങ്കിലും ഇന്ത്യയിൽ ഇന്നും കൃഷി ആദായകരമായ ഒരു ഉപജീവനമാർഗമായിക്കഴിഞ്ഞിട്ടില്ല. ആദായത്തിന്റെ കാര്യത്തിൽ ജലസിക്ത പ്രദേശങ്ങളിലെ ശാസ്ത്രീയമായ കൃഷിയെക്കാൾ ഭേദം വരണ്ട നിലങ്ങളിൽ മഴയെ മാത്രം ആശ്രയിച്ചു നടക്കുന്ന പാരമ്പര്യരീതിയിലുള്ള കൃഷിയാണ് എന്നതു വിരോധാഭാസമായി തോന്നാവുന്ന ഒരു പരമാർത്ഥമാകുന്നു. നഷ്ടസാദ്ധ്യതകൾ ഉൾക്കൊള്ളുന്നതെങ്കിലും വരണ്ട നിലങ്ങളിലെ പാരമ്പര്യക്കൃഷിക്കു ചെലവു കുറയും എന്നതാണിതിനു കാരണം. നിലം നിരത്താനും ട്യൂബ് കിണറുകൾ കുഴിക്കാനും വളങ്ങളും അത്യുല്പാദന വിത്തിന

ങ്ങളും കീടനാശിനികളും വാങ്ങുവാനും മറ്റുമായി വരണ്ട നിലങ്ങളിലെ പാരമ്പര്യ കർഷകർ വലിയ തോതിൽ മുതൽമുടക്കേണ്ടതില്ല. അതിനാൽ, വരണ്ട നിലങ്ങളിൽ കൃഷിചെയ്തു കിട്ടുന്ന പരിമിതമായ വിളവ് കർഷകന്റേയും കുടുംബത്തിന്റേയും അദ്ധ്വാനത്തിന് ഏറെക്കുറെ പര്യാപ്തമായ പ്രതിഫലമായിത്തീരുന്നു.

ജലസിക്ത പ്രദേശങ്ങളിൽ കൃഷി ചെലവേറിയ ഒരാധുനിക വ്യവസായമായിത്തീർന്നിരിക്കുന്നു. കടുംകൃഷിക്ക് ആവശ്യമായ ട്രാക്ടർ, ഫെർട്ടിലൈസർ, കീടനാശിനികൾ, വൈദ്യുതി, ഡീസൽ എന്നിവയ്ക്കു മൂലധനച്ചെലവിനും ആവർത്തനച്ചെലവിനും വലിയ തോതിൽ കടം വാങ്ങാൻ കർഷകർ നിർബന്ധിതരാവുന്നു. ഈ സാധനങ്ങൾക്ക് 1976 മുതൽ വില ഏറിവരികയാണ്. അരി, ഗോതമ്പ്, നിലക്കടല മുതലായ പ്രധാനപ്പെട്ട കാർഷിക ഉല്പന്നങ്ങളുടെ വിലയാകട്ടെ ഇതോടൊപ്പം ഏറുന്നുമില്ല.

1975–76 വർഷത്തിലാണ് ഇന്ത്യയിലെ ഹരിതവിപ്ലവത്തിന്റെ രണ്ടാംഘട്ടം ആരംഭിച്ചത്. 'വിപ്ലവം' അടുത്ത നാലു വർഷങ്ങളിൽ ഗോതമ്പിൽനിന്ന് അരി, ചോളം മുതലായ പല വിളകളിലേക്കും വ്യാപിച്ചു. ഇതിൻ ഫലമായി ഇവയുടെ ഉല്പാദനം വർദ്ധിച്ചു. പക്ഷേ, ഇതിനു സമാന്തരമായി ഈ ഉൽപന്നങ്ങളുടെ ഉപഭോഗത്തിൽ വൃദ്ധിയുണ്ടായില്ല. അതിനാൽ കൃഷിച്ചെലവ് ഉയർന്ന തോതിന് കർഷകരുടെ വരുമാനം ഉയർന്നില്ല. കർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങളും ഇളവുകളും ആവശ്യപ്പെട്ടുകൊണ്ട് ഉത്തരപ്രദേശിലെ മേരഠ് നഗരത്തിൽ ചൗധുരി മഹേന്ദ്രസിംഹ് ടിക്കൈത്തിന്റെ നേതൃത്വത്തിൽ 1988 ജനുവരിയിൽ നടന്നതും ഒരു മാസത്തോളം നീണ്ടുനിന്നതുമായ പ്രസ്ഥാനം വിരൽചൂണ്ടുന്നത് ഈ അടിസ്ഥാനവസ്തുതയിലേക്കാണ്. തങ്ങൾക്കു വിദ്യുച്ഛക്തിയും വെള്ളവും സൗജന്യമായും വളം ചുരുങ്ങിയ വിലയ്ക്കും ലഭ്യമാക്കണമെന്നും കാർഷികോൽപന്നങ്ങളുടെ വില വർദ്ധിപ്പിക്കണമെന്നും അവ ഇറക്കുമതിചെയ്യരുതെന്നും തങ്ങൾ കാർഷികാവശ്യങ്ങൾക്കായി വാങ്ങിയ കടങ്ങൾ എഴുതിത്തള്ളണമെന്നുമൊക്കെ ആവശ്യപ്പെട്ടുകൊണ്ട് ഇന്ത്യയിലെ എല്ലാ പ്രദേശങ്ങളിലും കർഷകർ സമരരംഗത്ത് എത്തിയാൽ, അതിൽ അത്ഭുതപ്പെടേണ്ടതില്ല.

സമ്പന്നരാജ്യങ്ങളിൽ കൃഷിക്കു സ്വന്തം കാലിൽ നില്ക്കാനുള്ള കഴിവു നഷ്ടപ്പെട്ടിട്ടു പല വർഷങ്ങളായി. സർക്കാറുകൾ വലിയ തോതിൽ നൽകുന്ന സൗജന്യവും സഹായവുമാണ് അവിടങ്ങളിൽ കൃഷിയെ നിലനിർത്തിപ്പോരുന്നത്. ഉല്പാദനം അധികമാകുന്നപക്ഷം കാർഷികോല്പന്നങ്ങളുടെ വിലയിടിയുമെന്നു ഭയപ്പെട്ട് ഫലഭൂയിഷ്ഠമായ കൃഷിഭൂമി തരിശിടുന്ന കർഷകർക്ക് അമേരിക്കൻ സർക്കാർ നിശ്ചിതമായ തോതിൽ പ്രതിഫലം നൽകിവരുന്നുണ്ട്. യൂറോപ്പിൽ കർഷകർ ഉല്പാദിപ്പിക്കുന്ന സസ്യ–ഗവ്യ വിഭവങ്ങൾക്കു സഹായധനം നല്കാനായി ഒരാണ്ടിൽ 2,800 കോടി ഡോളറോളം യൂറോപ്യൻ ഇക്കണോമിക് കമ്യൂണിറ്റി ചെലവാക്കുന്നുണ്ടത്രെ. സോവിയററ് യൂനിയനിൽ കർഷകർ ഒരു കിലോഗ്രാം ഇറച്ചി ഉൽപാദിപ്പിക്കുമ്പോൾ സഹായധനം നൽകാനായി സർക്കാർ രണ്ടു റൂബിൾ ചെലവാക്കുന്നു. കൂലിച്ചെലവിലും നിവേശങ്ങളുടെ (ഇൻപുട്ട്) വിലയിലും വന്ന വർദ്ധന നിമിത്തമാണു കൃഷിക്ക് ഇങ്ങനെ സ്വയംപര്യാപ്തി നഷ്ടപ്പെട്ടുപോയത്. വ്യവസായങ്ങളിൽനിന്നു കിട്ടുന്ന വരുമാനത്തിൽ ഒരു പങ്കു ചെലവഴിച്ചാലേ കൃഷി തുടർന്നു നടത്താൻ സാദ്ധ്യമാവൂ എന്നതാണ് സമ്പന്ന രാജ്യങ്ങളിൽ ഇന്നത്തെ സ്ഥിതി.

ദരിദ്രരാജ്യമായ ഇന്ത്യയിലും ചിത്രം മറെറാന്നല്ല. വലിയ തോതിൽ സർക്കാർ നൽകുന്ന സഹായധനമാണ് ഇവിടെ ഇന്നത്തെ മട്ടിലെങ്കിലും കൃഷിയെ നിലനിർത്തുന്നത്. ജനങ്ങൾക്കു വില്ക്കുമ്പോൾ കിട്ടുന്ന വിലയെക്കാൾ ഉയർന്ന വിലയ്ക്കു കർഷകരിൽനിന്നു ഭക്ഷ്യധാന്യങ്ങൾ വാങ്ങി സംഭരിക്കുന്നതുകൊണ്ടുണ്ടാകുന്ന നഷ്ടം നികത്തുവാൻ ഇന്ത്യാഗവൺമെൻറ് ഈയാണ്ടിൽ

ഫുഡ് കോർപ്പറേഷന് 2,300 കോടി രൂപ സഹായധനമായി നൽകുകയുണ്ടായി. വാങ്ങിയ വിലയെക്കാൾ ചുരുങ്ങിയ വിലയ്ക്കു വളം കർഷകർക്കു വിൽക്കാൻ സാധിക്കുന്നതിനുവേണ്ടി ഈയാണ്ടിൽ ഇന്ത്യാഗവൺമെൻറ് നല്കിയ സഹായധനം 3,000 കോടി രൂപയായിരുന്നു. അതുപോലെ ഉൽപന്നങ്ങൾ (മുഖ്യമായും കാർഷികോൽപന്നങ്ങൾ) വില കുറച്ചു വിദേശങ്ങളിലേക്കു കയറ്റി അയയ്ക്കാൻ സഹായധനമായി ഈ ആണ്ടിൽ 1091 കോടി രൂപ ഇന്ത്യാഗവൺമെൻറ് ചെലവഴിച്ചു. തീവണ്ടിയിലൂടെ ചരക്കുകൾ കടത്തുന്നതിനുള്ള സൗജന്യം മിൽത്തുണികൾക്കും കടലാസിനും ഇറക്കുമതിചെയ്ത പഞ്ചസാരയ്ക്കും വിലയിളവ്—അങ്ങനെ കർഷകക്കുവേണ്ടി വേറെ പല ഇനങ്ങളിലും ഇന്ത്യാഗവൺമെൻറ് സഹായധനം നൽകിവരുന്നുണ്ട്. ഈയാണ്ടിൽ ഈ സഹായധനങ്ങളെല്ലാംകൂടി 7,300 കോടി രൂപയിലധികംവരുമെന്നു കാണുന്നു.

തുടർച്ചയായി ഇന്ത്യാഗവൺമെൻറിനു കമ്മി ബജറ്റുകൾ അവതരിപ്പിക്കേണ്ടിവരുന്നതിനുള്ള ഒരു കാരണം ഇത്തരം സഹായധനങ്ങളാണെന്ന് ആക്ഷേപമുണ്ട്. സാമ്പത്തികമായ അച്ചടക്കം നിലവിൽവരുത്തുവാനായി സഹായധനദാനം (സബ്സിഡി) തീരെ നിർത്തുകയോ പരിമിതപ്പെടുത്തുകയോ വേണമെന്ന് ലോകബാങ്ക്പോലെയുള്ള വായ്പാസ്ഥാപനങ്ങൾ ഇന്ത്യാഗവൺമെൻറിനെ തുടർച്ചയായി ഉദ്ബോധിപ്പിച്ചുവരുന്നു. പിടിപ്പുകേടുകൊണ്ടു തുടർച്ചയായി നഷ്ടം വരുത്തിക്കൂട്ടുന്ന ഫുഡ് കോർപ്പറേഷൻപോലെയുള്ള സ്ഥാപനങ്ങളുടെ കെടുകാര്യസ്ഥതയ്ക്കു വളംവെക്കുകയാണ് സഹായധനദാനത്തിലൂടെ സർക്കാർ ചെയ്യുന്നതെന്ന വിമർശനത്തിലും സത്യമില്ലാതില്ല. സർക്കാർ പല മട്ടിൽ സഹായധനം നൽകിയിട്ടും കർഷകർ സന്തുഷ്ടരല്ലെന്നും സംഘടിതരാവുന്ന തോതിന് അവർ കൂടുതൽ സൗജന്യങ്ങൾക്കുവേണ്ടി പ്രക്ഷോഭം കൂട്ടുകയാണെന്നുമുള്ള വസ്തുതയും പരിഗണന അർഹിക്കുന്നു.

കാർഷികരംഗത്തിൽ ഉല്പാദന വർദ്ധന എന്ന ലക്ഷ്യത്തോളമോ അതിലധികമോ പ്രാധാന്യം ഉല്പാദകരുടെ വരുമാന വർദ്ധന എന്ന ലക്ഷ്യത്തിനു നൽകേണ്ടതുണ്ട്. കാരണം, ഉല്പാദനം വർദ്ധിക്കുന്ന തോതിന് ഉൽപന്ന വില കുറയാനും തന്മൂലം കർഷകരുടെ വരുമാനം ഇടിഞ്ഞുപോവാനും സാദ്ധ്യതയുണ്ട്. വ്യാവസായികോൽപ്പന്നങ്ങളിൽ വരുന്ന വിലവർദ്ധനയോടു സമാന്തരമായ വിലവർദ്ധന കാർഷികോല്പന്നങ്ങളിലും ഉണ്ടാവുകയാണെങ്കിൽ കർഷകരുടെ ജീവിതത്തോത് ഉയരും; സർക്കാരിൻെറ സഹായധനദാനം പരമാവധി കുറയ്ക്കാനും കഴിയും.

ഇതു സാദ്ധ്യമാവണമെങ്കിൽ, ധാന്യങ്ങൾപോലെയുള്ള പാരമ്പര്യ ഉല്പന്നങ്ങളല്ലാതെ, കൂടുതൽ വില കിട്ടുന്ന പരുത്തി, പുകയില, കരിമ്പ് മുതലായ വ്യവസായവിളകൾ, പഴങ്ങൾ, പച്ചക്കറികൾ, ഗവ്യങ്ങൾ, മുട്ട, മാംസം മുതലായവ ഉല്പാദിപ്പിക്കുന്നതിലേക്കു കർഷകരുടെ ശ്രദ്ധ തിരിയേണ്ടിയിരിക്കുന്നു. ഒരു ഹെക്ടർ സ്ഥലത്ത് അരിയോ ഗോതമ്പോ വിളയിക്കുമ്പോൾ ആണ്ടിൽ ഏഴായിരം രൂപ നേടുന്ന കർഷകന് അത്രയും സ്ഥലത്തു പഴങ്ങൾ ഉരുളക്കിഴങ്ങ് മുതലായ മററ് ഉല്പന്നങ്ങൾ വിളയിച്ചാൽ പതിമൂവായിരം മുതൽ മുപ്പത്തയ്യായിരംവരെ രൂപ നേടാൻ കഴിയുമെന്ന് പഞ്ചാബ് സംസ്ഥാനത്തിലെ കൃഷിവകുപ്പ് നടത്തിയ ഒരു പഠനത്തിൽ കാണുകയുണ്ടായി.

പക്ഷേ, വില കുറഞ്ഞ ധാന്യങ്ങളിൽനിന്നു വ്യത്യസ്തമായി വില കൂടിയ മേല്പറഞ്ഞതരം കാർഷികവിളകൾ വളരെ വേഗം കേടുവരുന്നവയാണ്. അവ ഉടനുടൻ മാർക്കററിൽ വിററഴിക്കുകയെന്നതും പ്രയാസമായിരിക്കും. ഇവിടെയാണു ഭക്ഷ്യസംസ്കരണ വ്യവസായത്തിൻെറ പ്രസക്തി. അതാതുകാലത്തു മാർക്കററിൽ ചെലവാകാത്ത പഴങ്ങളും പച്ചക്കറികളും പാലും മുട്ടയും മററും അസംസ്കൃതവസ്തുക്കളായി ഉപയോഗിച്ചു വിപുലമായ ഒരു ഭക്ഷ്യ—പാനീയ വ്യവസായം ഇന്ത്യയിൽ പടുത്തുയർത്തുക അസാദ്ധ്യമല്ല. ഇത്തരമൊരു വ്യവസായത്തിൻെറ താങ്ങുകൂടാതെ ഇന്ത്യയിലെ കാർഷികരംഗത്തു ക്രമികമായ പുരോഗ

തി മേലിൽ പ്രതീക്ഷിക്കുന്നതു് അസ്ഥാനത്തായിരിക്കും. ഈ പശ്ചാത്തലത്തിൽ ജൂൺ 25-ാം തീയതി നടന്ന കേന്ദ്ര മന്ത്രിസഭാ പുനസ്സംഘടനയുടെ ഭാഗമായി ഒരു സ്റ്റേററ് മിനിസ്റ്ററുടെ കീഴിൽ ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്കായി ഒരു മന്ത്രാലയം പുതുതായി ആരംഭിച്ചിട്ടുള്ളതു് ഏററവും സ്വാഗതാർഹമായ ഒരു നീക്കമാകുന്നു.

കാർഷിക വിളകളുടെ എല്ലാ ഭാഗങ്ങളും പൂർണമായും ഉപയോഗപ്പെടുത്തുകയാണു കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മറെറാരു ഉപായം. ഇന്ത്യയിൽ ഇപ്പോൾ ആണ്ടുതോറും ഒമ്പതുകോടി ടൺ നെല്ലു വയ്ക്കോൽ ഉണ്ടാവുന്നതായി കണക്കാക്കിയിട്ടുണ്ടു്. ഇതിലൊരു ചെറിയ ഭാഗമേ കാലിത്തീററയായി ഉപയോഗിക്കപ്പെടുന്നുള്ളൂ. നെല്ലിന്റെ വയ്ക്കോൽ നല്ല കാലിത്തീററയല്ല; കാരണം, തിന്ന നെല്ലുവയ്ക്കോലിന്റെ മുപ്പത്തഞ്ചു ശതമാനത്തോളമേ കാലികൾക്കു ദഹിക്കൂ. പക്ഷേ, നെല്ലുവയ്ക്കോൽ ഗ്യാസ് ആക്കി മാററാം; അതുപയോഗിച്ചു പതിനായിരം കോടിമുതൽ പതിനഞ്ചായിരം കോടിവരെ യൂണിററ് വൈദ്യുതി ഉല്പാദിപ്പിക്കുകയും ചെയ്യാം. ഇന്ത്യയിൽ ഇപ്പോൾ നിർമിക്കുന്ന ആകെ വൈദ്യുതിയുടെ പകുതിയിലധികം വയ്ക്കോൽ ഗ്യാസ് ഉപയോഗിച്ചു നിർമിക്കാൻ സാധിക്കുമത്രെ. വളമായി ഉപയോഗിക്കാവുന്ന ദ്രവ അമോണിയ, മോട്ടോർ വാഹനങ്ങളിൽ പെട്രോളിനു പകരം ഉപയോഗിക്കാവുന്ന മെത്തനോൾ മുതലായവയും വൈക്കോൽ ഗ്യാസിൽനിന്നു് ഉണ്ടാക്കാവുന്നവയാണു്. ചുരുക്കത്തിൽ, നെല്ലിൽനിന്നു കിട്ടുന്ന വരുമാനത്തിനു പുറമെ വൈക്കോലിൽനിന്നും നല്ലൊരു വരുമാനം കർഷകനു കിട്ടിക്കൂടായ്കയില്ല. ഇതുപോലെ കരിമ്പിൻചണ്ടി ഉപയോഗിച്ചു കടലാസ്സുണ്ടാക്കുന്ന വ്യവസായം ഇന്ത്യയിൽ ഇപ്പോൾത്തന്നെ നിലവിലുണ്ടു്. എന്നാൽ, ഇന്ത്യയിൽ ആണ്ടുതോറും പഞ്ചസാര മില്ലുകളിൽനിന്നു പുറന്തള്ളപ്പെടുന്ന ഏഴു കോടിയോളം ടൺ കരിമ്പിൻചണ്ടിയിൽ വളരെ കുറച്ചു മാത്രമേ ഇപ്പോൾ കടലാസ്സായി മാറുന്നുള്ളൂ. കത്തിച്ചോ അല്ലാതെയോ കളയുന്ന കരിമ്പിൻചണ്ടികൂടി കടലാസ്സാക്കി മാററാൻ നടപടികൾ ആരംഭിക്കാവുന്നതാണു്. അങ്ങനെ ചെയ്താൽ കരിമ്പു കർഷകരുടെ വരുമാനത്തിൽ നാല്പതുമുതൽ അറുപതുവരെ ശതമാനം വർദ്ധന ഉണ്ടാകുമെന്നു കണക്കാക്കപ്പെട്ടിട്ടുണ്ടു്. ബുദ്ധിപൂർവകമായ വനവല്ക്കരണമാണു് കർഷകരുടെ വരുമാന വർദ്ധനയ്ക്കു നിർദേശിക്കപ്പെടുന്ന മറെറാരു മാർഗം.

കേരളത്തിലും സർക്കാരിന്റെയും കർഷകരുടെയും ശ്രദ്ധ കാർഷികവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഇത്തരം പുതിയ പരിശ്രമങ്ങളിലേക്കു തിരിയേണ്ടിയിരിക്കുന്നു.

(4 ജൂലൈ, 1988)

# 34. മതവും രാഷ്ട്രീയവും

1988-ലെ മതസ്ഥാപന(ദുരുപയോഗനിരോധ)നിയമം പാർലമെന്റിന്റെ ഇരുമണ്ഡലങ്ങളും പാസ്സാക്കിക്കഴിഞ്ഞു. ആരാധനാലയങ്ങളെയും മതസ്ഥാപനങ്ങളെയും രാഷ്ട്രീയാവശ്യങ്ങൾക്കു ദുരുപയോഗപ്പെടുത്തുന്നതു തടയുകയെന്ന പരിമിതമായ ഉദ്ദേശ്യം മാത്രമേ ഈ നിയമത്തിനുള്ളുവെന്നും രാഷ്ട്രീയവും മതവും തമ്മിലുള്ള ബന്ധം പൂർണമായി വിച്ഛേദിക്കുന്നതിനു് സമഗ്രമായ ഒരു നിയമം പാർലമെന്റിലെ എല്ലാ കക്ഷികളുമായി ആലോചിച്ചു് പിന്നീടു തയ്യാറാക്കുന്നതാണെന്നും നിയമം സംബന്ധിച്ച ചർച്ചയിൽ പങ്കെടുത്തുകൊണ്ടു് ആഗസ്റ്റ് 11-ാം തീയതി ഗൃഹമന്ത്രി ബൂട്ടാസിംഹ് ലോക്സഭയിൽ പ്രസ്താവിക്കുകയു